**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **07-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ബണ്ട് നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽവേ പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണാവശിഷ്ടങ്ങളും പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | ബഹു.കേരള ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് WP(C) 24027/2021, WP(C)23911/2018 എന്നീ കേസുകൾ നിലവിലുണ്ട്. ടി വിഷയത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഉത്തരവാദിത്വം തീരുമാനിക്കുന്നതിനും ബഹു.ഹൈക്കോടതി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സാങ്കേതിക സമിതിയെ (ഹൈ ലെവൽ കമ്മിറ്റി) നിയമിച്ചിട്ടുണ്ട്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽവെ പാതയുടെ കീഴിൽ ഡോൺ ബോസ്കോ കടവിനും ഡി ഐലന്റിനും ഇടയിലുള്ള വടുതല ദേശത്ത് കെ.ഇ.ആർ.ഐ മുഖാന്തിരം ടോപ്പോഗ്രഫിക്കൽ ഇൻവെസ്റ്റിഗേഷനും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് ഇപ്പോൾ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | നീരൊഴുക്ക് നിലച്ചത് കാരണം കൊച്ചി കോർപറേഷൻ പരിധിയിലെ താന്തോന്നിത്തുരുത്ത്, വടുതല, ചേരാനല്ലൂർ പഞ്ചായത്ത്, കുറുങ്കോട്ട ദ്വീപ് എന്നിവടങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് തടയാൻ സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | (ബി) | നീരൊഴുക്ക് നിലച്ചതുകാരണം കൊച്ചി കോർപ്പറേഷൻ പരിധിയിലെ താന്തോന്നി തുരുത്ത്, വടുതല, ചേരാനല്ലൂർ പഞ്ചായത്ത് കുറുങ്കോട്ട ദ്വീപ് എന്നിവിട ങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കൂടിയതായിട്ടാണ് മനസ്സിലാക്കുന്നത്. ഇത് പരിഹരിക്കുന്നതിന് പെരിയാറിന്റെ കൈവഴികളിൽ നിന്നും 'ഓപ്പറേഷൻ വാഹിനി' പദ്ധതിയിൽപ്പെടുത്തി തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു.കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെരിയാറിന്റെ വടുതല ഭാഗത്തെ തടസ്സം നീക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | റെയിൽവേ പാതയുടെ പണി ഏറ്റെടുത്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(C) 24027/2021-ലെ ബഹു.കേരള ഹൈക്കോടതി നിർദ്ദേശിച്ച ഹൈ ലെവൽ കമ്മിറ്റി, ബണ്ടും അവശിഷ്ടങ്ങളും സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളും ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | 2011 ൽ പൂർത്തീകരിച്ച റെയിൽവേ പാതയുടെ പ്രവൃത്തി ചെയ്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തതിനെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(C) 24027/2021-ലെ ബഹു.കേരള ഹൈക്കോടതി നിർദ്ദേശിച്ച ഹൈ ലെവൽ കമ്മിറ്റി, ബണ്ടും അവശിഷ്ടങ്ങളും സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളും ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ